## തിരുവിതാംകൂർ ദേവസ്വം ബോർഡ്

"സ്വാമി ശരണം"

ഡിഎ.നം.1297/23/E1

ദേവസ്വം അക്കൗണ്ട്സ് ആഫീസ്
തിരുവനന്തപുരം
തീയതി:20/11/2023

## സർക്കുലർ

സൂചന:- 1) തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ 17/11/2022-ലെ ആർ.ഒ.സി.2191/21/എസ്റ്റാ-1 (ii) നമ്പർ ഉത്തരവ്.

2) തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ 04/11/2023-ലെ ആർ.ഒ.സി.2191/21/എസ്റ്റാ-1 നമ്പർ ഉത്തരവ്.

സൂചന (1) പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നടപ്പാക്കിയിരുന്ന ശമ്പള പരിഷ്ക്കരണത്തിന്റെ 01/3/2021 മുതൽ 31/12/2022 വരെയുള്ള ആനുകൂല്യങ്ങൾ 12/2023 മുതൽ 04/2024 വരെയുള്ള മാസങ്ങളിൽ 5 തുല്യ ഗഡുക്കളായി വിതരണം ചെയ്യുന്നതിന് സൂചന (2) പ്രകാരം ഉത്തരവായിരുന്നു. കൂടാതെ 01/6/2022 മുതൽ സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് ടെർമിനൽ സറണ്ടർ നൽകുന്നതിന് സൂചന (2) പ്രകാരം അനുവാദം ലഭ്യമായിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് ദേവസ്വം അക്കൗണ്ട്സ് ആഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വിധത്തിൽ മാത്രമേ ക്രെഡിറ്റ് ആവശ്യപ്പെടാൻ പാടുള്ളൂ.

സൂചന (2) പ്രകാരം ശമ്പള പരിഷ്ക്കരണ കുടിശ്ശിക തുകയും ടെർമിനൽ സറണ്ടറും അനുവദിക്കുന്നതിന് ഇക്കാര്യങ്ങൾ കാണിച്ച് കൃത്യതുകയുടെ മാത്രം ക്രെഡിറ്റ് ആവശ്യപ്പെടേണ്ടതാണ്.

എല്ലാ മാസവും ശമ്പളം, നിത്യനിദാനം, കറണ്ട്-വാട്ടർ ചാർജ്ജുകൾ തുടങ്ങിയ ദൈനംദിന ചെലവുകൾക്ക് മാത്രമായി ക്രെഡിറ്റ് ആവശ്യപ്പെട്ടതിന് ശേഷം മാത്രമേ സൂചന (2) പ്രകാരമുള്ള ആനുകൂല്യങ്ങൾക്കുള്ള പ്രത്യേക ക്രെഡിറ്റ് ആവശ്യപ്പെടുവാൻ പാടുള്ളൂ.

ശമ്പളം തുടങ്ങിയ ദൈനംദിന ചെലവുകൾക്കായി വാങ്ങുന്ന ക്രെഡിറ്റിൽ നിന്നും യാതൊരു കാരണവശാലും സൂചന (2) ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ ചെലവെഴുതാൻ പാടില്ലാത്തതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

ദേവസ്വം അക്കൗണ്ട്സ് ആഫീസർ

പകർപ്പ്:-

1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖകത്ത് സഹിതം)
2) ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖകത്ത് സഹിതം)
3) ചീഫ് എഞ്ചിനീയർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
4) ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
5) എല്ലാ ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർ/എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ
6) എക്സിക്യൂട്ടീവ് ആഫീസർ ശബരിമല
7) സെക്ഷൻ ഫയൽ
8/ ഐ.റ്റി സെൽ